കേരള ഹൈക്കോടതി

കൊച്ചി: 682 031

REC-2/15183/09 തിയ്യതി: 18-7-2009

വിജ്ഞാപനം

കേരള ഹൈക്കോടതിയിൽ ഇലക്ട്രീഷ്യൻ-കം-പ്ലംബർ തസ്തികയിലേക്കുള്ള നിയമനത്തിനായി യോഗ്യതയുള്ള ഇന്ത്യൻ പൗരന്മാരിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഈ വിജ്ഞാപനത്തോടൊപ്പം ചേർത്തിട്ടുള്ള നിർദ്ദിഷ്ട മാതൃകയിൽ ആയിരിക്കണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. അപേക്ഷകൾ ഗുണനിലവാരമുള്ള A4 വലിപ്പത്തിലുള്ള കടലാസിൽ പ്രിന്റ് ചെയ്തതോ ടൈപ്പ് ചെയ്തതോ ആയിരിക്കണം. അപേക്ഷയുടെ മാതൃക ഹൈക്കോടതിയുടെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും (highcourtofkerala.nic.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1 റിക്രൂട്ട്മെന്റ് നമ്പർ: 2/2009

2 തസ്തികയുടെ പേര് : ഇലക്ട്രീഷ്യൻ-കം-പ്ലംബർ

3 ശമ്പള സ്കെയിൽ : 5250-8390 രൂപ

4 ഒഴിവുകളുടെ എണ്ണം : 1 (ഒന്ന്) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനു മുൻപ് വരാവുന്ന ഒഴിവുകളും ഈ ലിസ്റ്റിൽ നിന്ന് നികത്തുന്നതാണ്.
ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് രണ്ടു വർഷം നിലവിലിരിക്കുന്നതാണ്. എന്നാൽ ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുക അല്ലെങ്കിൽ മൂന്നുവർഷം കഴിയുക ഇതിലേതാണോ ആദ്യം വരുന്നത് അന്നുവരെ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കും .

5 നിയമന രീതി : നേരിട്ടുള്ള നിയമനം

6 പ്രായപരിധി : 01.01.2009-ൽ 18 വയസ്സ് തികഞ്ഞിരിക്കേണ്ടതും 35 വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു ഉയർന്നപ്രായപരിധി പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 40 വയസ്സും മറ്റുപിന്നാക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 38 വയസ്സും ആയിരിക്കും.
നിയമനത്തിനുള്ള യോഗ്യതക്കായി പ്രായം കണക്കാക്കുമ്പോൾ വിമുക്തഭടന്മാർക്കും വിമുക്ത ജനറൽ റിസർവ്വ് എഞ്ചിനീയറിംഗ് സേനാംഗങ്ങൾക്കും ടെറിറ്റോറിയൽ ആർമിയിൽനിന്ന് വിരമിച്ചവർക്കും 50 വയസ്സ് പൂർത്തിയായിരിക്കാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി അവരവരുടെ സേനയിലുള്ള സേവനകാലവും സേനയിൽ നിന്നും പിരിഞ്ഞതിനുശേഷം തൊഴിൽഇല്ലാതിരിക്കുന്ന കാലയളവിൽ പരമാവധി അഞ്ച് വർഷത്തോളവും ഒഴിവാക്കുന്നതാണ്.

7 യോഗ്യത : 1. എസ്.എസ്.എൽ.സി. അഥവാ തത്തുല്യ യോഗ്യത. 2.ഇലക്ട്രീഷ്യൻ അല്ലെങ്കിൽ വയർമാൻ ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് 3.പ്ലംബിങ്ങ് ലൈസൻസ്.
കുറിപ്പ്- വികലാംഗരും വനിതകളും ഈ ഉദ്യോഗത്തിന് അപേക്ഷിക്കാൻ അർഹരല്ല.

8 അപേക്ഷാഫീസ് : 100/- രൂപ. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ അപേക്ഷാഫീസ് അടയ്ക്കേണ്ടതില്ല.

ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്ന് ''രജിസ്ട്രാർ ജനറൽ, ഹൈ കോർട്ട് ഓഫ് കേരള'' എന്ന പേരിൽ എടുത്ത, എറണാകുളത്തു മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ഫീസ് അടയ്ക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ് ഉദ്യോഗാർത്ഥിയുടെ പേരും വിലാസവും പിൻഭാഗത്ത് രേഖപ്പെടുത്തി അപേക്ഷയോടൊപ്പം അയയ്ക്കണം. അപേക്ഷാഫീസ് യാതൊരു കാരണവശാലും മടക്കിനൽകുന്നതല്ല.

റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനങ്ങൾ 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ഭാഗം 2 -ലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങൾ പ്രകാരമുള്ള സംവരണ വ്യവസ്ഥകൾക്കും ഈ ആവശ്യത്തിന് കാലാകാലങ്ങളിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾക്കും അനുസൃതമായിട്ടായിരിക്കും

ഡിമാന്റ് ഡ്രാഫ്റ്റ് അല്ലാതെ അപേക്ഷയോടൊപ്പം മറ്റു യാതൊരു രേഖകളും അയയ്ക്കേണ്ടതില്ല. യോഗ്യത, സമുദായം, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള രേഖകൾ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

അപേക്ഷ അയയ്ക്കുന്ന കവറിനുപുറത്ത് "Application for the post of Electrician-cum-Plumber" എന്ന് എഴുതിയിരിക്കണം. അപേക്ഷകൾ " The Registrar General, High Court of Kerala, Ernakulam, Kochi-682 031"എന്ന വിലാസത്തിൽ അയയ്ക്കണം.

അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി : 31.08.2009

നിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാത്തതോ നിർദ്ദിഷ്ട അവസാന തിയ്യതിക്കുശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ തൽക്ഷണം നിരസിക്കപ്പെടുന്നതാണ്.

( ഉത്തരവിൻ പ്രകാരം)

ഡി.ശ്രീവല്ലഭൻ
രജിസ്ട്രാർ ജനറൽ